പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 3097

07/11/2019-ൽ

മറുപടിയ്ക്ക്

## പാഠപുസ്തകങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത് | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സ്കൂൾ പാഠപുസ്തകങ്ങൾ മൂന്ന് വാല്യമായി പ്രിന്റ് ചെയ്ത് നൽകുന്നത് പുസ്തകങ്ങളുടെ അമിതഭാരം മൂലം കുട്ടികൾക്കുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ഒരു പരിധി വരെ കുറയ്ക്കുവാൻ സഹായകമായിട്ടുണ്ടോ; | (എ) ഓരോ ക്ലാസിലേയും പാഠപുസ്തകങ്ങളുടെ പേജിന്റെ അടിസ്ഥാനത്തിൽ ആദ്യത്തെ 60 പേജുള്ള പാഠപുസ്തകങ്ങൾ ഒന്നാം വാല്യവും, 60 മുതൽ 120 വരെ പേജുള്ളവ രണ്ടാം വാല്യമായും, 120-ൽ കൂടുതൽ പേജുള്ളവ മൂന്നാം വാല്യമായും പരിഷ്കരിച്ച് അച്ചടിച്ച് വിതരണം ചെയ്യുവരുന്നു. 9,10 ക്ലാസുകളിൽ രണ്ട് വാല്യങ്ങളാണ്. ഇതുമൂലം പാഠപുസ്തകങ്ങളുടെ അമിതഭാരം കുറയ്ക്കുവാനും വിദ്യാർത്ഥികളുടെ ആരോഗ്യപ്രശ്നങ്ങൾ കുറയ്ക്കുവാനും സഹായകരമായിട്ടുണ്ട്. |
| (ബി) ഇപ്രകാരം മൂന്ന് വാല്യമായി പുസ്തകങ്ങൾ പ്രിന്റ് ചെയ്ത് നൽകുന്നത് കൂടുതൽ സാമ്പത്തികഭാരം സർക്കാരിനുണ്ടാക്കുന്നുണ്ടോ; | (ബി) അധിക സാമ്പത്തിക ഭാരമില്ല. |
| (സി) പാഠപുസ്തകങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ അടുത്ത അദ്ധ്യയന വർഷം മുതൽ ഇക്കാര്യം പരിഗണിക്കുമോ? | (സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

Nanitha.P

സെക്ഷൻ ഓഫീസർ